# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 966 — 30/11/2018-ലെ മറുപടി

## ഡാമുകൾ യഥാസമയം തുറക്കുന്നതിൽ പാളിച്ച

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ ഡാമുകൾ യഥാസമയം തുറക്കുന്നതിൽ പാളിച്ചയുണ്ടായി എന്ന കേന്ദ്ര ജലകമ്മീഷൻ റിപ്പോർട്ടിലെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ | 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്രജലകമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടിൽ അങ്ങനെ പറഞ്ഞതായി കാണുന്നില്ല. |
| ബി) കക്കി അണക്കെട്ടിലെ വെള്ളം യഥാസമയം തുറന്ന് വിട്ട് കുട്ടനാട്ടിലെ പ്രളയത്തിന്റെ ആഘാതം കുറക്കാമായിരുന്ന എന്ന കേന്ദ്ര ജലകമ്മീഷൻ റിപ്പോർട്ടിലെ നിരീക്ഷണം ഗൗരമായി കാണുന്നുണ്ടോ? | ബി | കക്കി അണക്കെട്ടിലെ വെള്ളം യഥാസമയം തുറന്ന് വിട്ട് കുട്ടനാട്ടിലെ പ്രളയത്തിന്റെ ആഘാതം കുറക്കാമായിരുന്ന എന്ന നിരീക്ഷണം കേന്ദ്രജലകമ്മീഷൻ നടത്തിയിട്ടില്ല. ജലകമ്മീഷന്റെ നിരീക്ഷണങ്ങൾ ഇപ്രകാരമാണ്.<br>പമ്പ, മണിമല, മീനച്ചിൽ, അച്ചൻകോവിൽ നദീതടങ്ങൾ ഉൾപ്പെടുന്നതാണ് കുട്ടനാട് മേഖല. ഇതിൽ ജലസംഭരണികൾ ഉള്ളത് പമ്പാനദിയിൽ മാത്രമാണ്. ജൂലൈ ആദ്യവാരം കക്കി അണക്കെട്ടിൽ 51 % വെള്ളം ഉണ്ടായിരുന്നു. ജൂലൈ 9 മുതൽ 27 വരെ തുടർച്ചയായി കനത്ത മഴ പെയ്തു. ഈ മഴവെള്ളം മുഴുവൻ കക്കി റിസർവ്വോയറിൽ സംഭരിക്കുകയും ജലവിതാനം 91% ത്തിൽ എത്തുകയും ചെയ്തു. ഈ മഴയിൽ തന്നെ കുട്ടനാട് മേഖല പ്രളയബാധിതമായിരുന്നു. പ്രളയത്തിന്റെ രൂക്ഷത കൂടുമെന്നതിനാലും, ജനങ്ങളുടെ ദുരിതം വർദ്ധിക്കുമെന്നതിനാലും ആ സമയത്ത് ജലനിരപ്പ് താഴ്ന്നതായി കക്കി റിസർവ്വോയർ തുറക്കുവാൻ സാധിക്കുമായിരുന്നില്ല. എന്നാൽ ആഗസ്റ്റ് 9 മുതൽ അടുത്ത കനത്ത മഴ ഉണ്ടാകുകയും , 15-17 തീയതികളിൽ അതിതീവ്രമഴയാവുകയും ചെയ്തു. തൻമൂലം ഡാമുകളുടെ സുരക്ഷയെ കരുതിയും ഡാം |

തകർന്നാലുണ്ടാകുന്ന അതിഭീകര അവസ്ഥ ഒഴിവാക്കുന്നതിനുമായി കക്കി ജലസംഭരണിയിൽ ഒഴുകി എത്തിയ അധിക ജലം ദുരന്ത നിവാരണ അതോറിറ്റിയുടെ , അനുമതിയോടെ ക്രമാനുഗതമായി തുറന്നു വിടേണ്ട സാഹചര്യം ഉണ്ടായി.

മറ്റ് നദികളിലെ ജലസംഭരണികളുടെ അഭാവവും ആഗസ്റ്റ് 15-17 തീയതികളിലെ അതിതീവ്രമഴയും , അനധികൃത കൈയ്യേറ്റങ്ങൾ മൂലവും എക്കൽ അടിഞ്ഞതു മൂലവും വേമ്പനാട് കായലിന്റെ ജലസംഭരണശേഷിയിലുണ്ടായ കുറവും കുട്ടനാടൻ മേഖലയിൽ പ്രളയത്തിന്റെ ആഘാതം കൂട്ടി.

Renuka Sankar
**സെക്ഷൻ ഓഫീസർ**